www.malankaralibrary.com



# ഇന്ത്യയ്ക്ക് പ്രകാശവും പ്രതീക്ഷയുമാകാൻ

ഡോ.കെ.എം.ഫ്രാൻസീസ്

ചരിത്രപരവും സാംസ്കാരികവുമായി രൂപം കൊണ്ട ഒരു ജിയോഗ്രഫിക്കൽ ടെറിട്ടറിയിലെ സർവ്വാധികാരമുള്ള (sovereign power) ജനത അഥവാ രാഷ്ട്രം (state), തങ്ങളുടെ അതിർത്തിയ്ക്കകത്തുള്ള ഓരോ പൗരന്റെയും മൗലീകാവകാശങ്ങൾ രാഷ്ട്രത്തിനകത്തു നിന്നും പുറത്തു നിന്നുമുള്ള ശത്രുക്കളിൽ നിന്ന് സംരക്ഷിക്കുമ്പോൾ, ഓരോ പൗരനും അനുഭവിക്കുന്ന സുരക്ഷിതത്വ അനുഭവത്തിൽ നിന്നും, സ്വാഭാവികമായി അവന് സ്വന്തം ദേശത്തോട് തോന്നുന്ന വൈകാരിക ബന്ധമാണ് സ്വാഭാവിക ദേശസ്നേഹം. എന്നാൽ ഏതെങ്കിലും ഒരു മതത്തിന്റെ പ്രത്യേക വ്യാഖ്യാനത്തെ അനുസരിക്കുന്നവർ മാത്രമാണ് ദേശസ്നേഹികൾ അല്ലാത്തവരെല്ലാം രാജ്യദ്രോഹികളും ഉന്മൂലനാശം ചെയ്യപ്പെടേണ്ടവരുമാണെന്ന് വാദിക്കുന്നതാണ് മതദേശീയ വാദം. സ്വാഭാവിക ദേശീയവാദികൾക്ക് മാത്രമെ വ്യത്യസ്ഥ മതവിഭാഗങ്ങൾ അധിവസിക്കുന്ന രാഷ്ട്രത്തെ വൈവിധ്യങ്ങൾ നിലനിർത്തിക്കൊണ്ട് ഒറ്റ ജന സമൂഹമായി വളർത്താൻ കഴിയൂ. മതദേശീയവാദികൾ ന്യൂനപക്ഷത്തെ സൃഷ്ടിക്കുന്നു ന്യൂനപക്ഷം എണ്ണത്തെ ആശ്രയിച്ചല്ല സത്താപരമായി സൃഷ്ടിക്കപ്പെടുന്നത് രാഷ്ട്രത്തിലെ ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ മൗലീകാവകാശങ്ങൾ മറ്റൊരു പ്രബലവിഭാഗം കവർന്നെടുക്കുമ്പോഴാണ് ഞങ്ങൾ ന്യൂനപക്ഷമാണ് എന്ന സ്വരം തന്നെ ഉയരുന്നത്.

സ്വാതന്ത്ര്യാനന്തര ഭാരതം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മതദേശീയവാദികളും സ്വാഭാവിക ദേശീയവാദികളും തമ്മിലുള്ള സമരമാണ്. ഈ സമരത്തിൽ മതദേശീയവാദികളിൽ രാഷ്ട്രത്തിന്റെ അധികാര കേന്ദ്രങ്ങളിൽ ഭൂരിപക്ഷം നേടുന്നുവെന്നതാണ് ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഭരണത്തിലുള്ളവരുടെ മതവ്യാഖ്യാനത്തിന് വ്യത്യസ്തമായ അഭിപ്രായമുള്ളവരെ രാജ്യദ്രോഹികളായി പ്രഖ്യാപിച്ചുകൊണ്ട് മതസംരക്ഷണം, ഗോ സംരക്ഷണം, സംസ്കാര സംരക്ഷണം, രാഷ്ട്ര സംരക്ഷണം, എന്ന മുഖം മൂടിയണിഞ്ഞ് മതദേശീയവാദികൾ നടത്തുന്ന extra judicial വിധികളും കൊലകളും ഭരണകൂടം തന്നെ പിൻതുണയ്ക്കുമ്പോൾ ന്യൂനപക്ഷങ്ങൾ ഭയപ്പാടിലാണ്. ഇന്ത്യൻ ജനതയ്ക്ക് ഈ വെല്ലുവിളിയുടെ മുൻപിൽ ഒരു പ്രകാശ ഗോപുരമാകാൻ, പ്രത്യാശയുടെ വെളിച്ചമാകാൻ സഭയ്ക്കു കഴിയുമോ എന്നതാണ് നമ്മുടെ ചർച്ചാവിഷയം.

## Charity, The Identity of Church

ഇത്തരമൊരു പ്രതിസന്ധിയിൽ സഭയ്ക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ചിന്തിക്കണമെങ്കിൽ സഭ ഇന്നുവരെ രാഷ്ട്ര നിർമ്മാണത്തിൽ എന്തു ചെയ്തു? അതിന്റെ പരിമിതികൾ എന്താണ്? നിലവിലുള്ള പ്രവർത്തനങ്ങളെ എങ്ങനെ വളർത്താം? എന്നീ മൂന്ന് മേഖലകൾ വിശകലനം ചെയ്യണം. ക്രൈസ്തവരെ ഭാരതത്തിൽ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാകുന്നത് പരസ്നേഹ പ്രവർത്തികളാണ്. മൂന്ന് മേഖലകളിലാണ് സഭയുടെ പ്രവർത്തനങ്ങൾ 1. എഡ്യുക്കേഷൻ 2. ഹോസ്പിറ്റൽസ് 3. സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും സംവിധാനങ്ങളുടെ അതിർത്തിയ്ക്ക് വെളിയിലുള്ള (Beyond the margins of established systems) പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സംരക്ഷണം. ഇന്ത്യയുടെ social infrastructure ന്റെ നിർമ്മിതിയ്ക്കാവശ്യമായ മൂലധനത്തിന്റെ നിർണ്ണായ ഓഹരിയാണ് ക്രൈസ്തവർ സംഭാ

www.malankaralibrary.com


വന ചെയ്തത്.

എന്നാൽ Charityയെ Institutionalise ചെയ്തപ്പോൾ സഭയ്ക്ക് പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ? ഒന്നാമതായി ചാരിറ്റി എന്ന സ്വഭാവം വ്യക്തി ആത്മീയതയുടെ (personal spirituality) സ്വാഭാവിക അനന്തരഫലമാണ്. ആത്മീയതയുടെ ഫലമുണ്ടാകുന്ന ചാരിറ്റി പ്രവർത്തനങ്ങൾ ആത്മീയതയുടെ തന്നെ വളർച്ചയുടെ കാരണമാകുന്നു. ചാരിറ്റി സ്ഥാപനവൽക്കരിച്ചപ്പോൾ വിശ്വാസികളുടെ ആത്മീയതയിൽ നിന്ന് ചാരിറ്റി മുറിച്ചുമാറ്റപ്പെട്ടു. സഭാ സ്ഥാപനങ്ങൾക്ക് സംഭാവന നൽകിയാൽ തങ്ങളുടെ കടമകൾ അവസാനിച്ചു എന്ന് വ്യക്തികൾ ചിന്തിക്കുന്നു.

ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് കൈകാര്യം ചെയ്യുന്നവർ വെറും ഫണ്ട് മാനേജേഴ്സ് ആയി മാറി. അതോ അവരുടെ spirituality യുടെ ഭാഗമായിട്ടാണോ അവർ ഇൻസ്റ്റിറ്റ്യൂഷൻസ് കൈകാര്യം ചെയ്യുന്നത്? നമ്മുടെ സ്ഥാപനങ്ങൾ ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന അവസ്ഥയിൽ നിന്ന് മറ്റുള്ളവരുടെ സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ഥമല്ലാത്ത കച്ചവട സ്ഥാപനങ്ങളായി മാറുന്നുണ്ടോ?

സാമ്പത്തിക ശാസ്ത്രപരമായി ഒരു സ്ഥാപനം ചാരിറ്റബിൾ സ്ഥാപനമാണോ കച്ചവടസ്ഥാപനമാണോ എന്ന് കണ്ടെത്താൻ ചില മാനദണ്ഡങ്ങളുണ്ട്. ഒരു സ്ഥാപനം നൽകുന്ന സേവനത്തിന്റെ വിലയിൽ 3 ഭാഗങ്ങളുണ്ട്. എ) മൂലധനത്തിന്റെ ഭാഗം, ബി) ദൈനംദിന ചിലവുകളുടെ ഭാഗം സി) ലാഭത്തിന്റെ ഭാഗം. ഇതിൽ മൂലധനത്തിന്റെ ഭാഗം സേവനത്തിന്റെ വിലയിൽ ഉൾക്കൊള്ളിയ്ക്കുന്നതാണ് വിലയിലുള്ള അഥവാ ഫീസിലുള്ള കാപ്പിറ്റലിന്റെ ഭാഗം അല്ലെങ്കിൽ കാപ്പിറ്റേഷൻ ഫീ. ഒരു സ്ഥാപനം ചാരിറ്റബിൾ ആകണമെങ്കിൽ സ്ഥാപനം സംഘടിപ്പിക്കുന്ന സമൂഹം തന്നെ മൂലധനം സംഭാവന ചെയ്യണം. ക്രിസ്തുവിശ്വാസികൾ ഇപ്പോൾ തന്നെ തങ്ങളുടെ കഴിവിനപ്പുറത്ത് മൂലധനത്തിലേക്ക് സംഭാവന ചെയ്തുകഴിഞ്ഞു. അതുകൊണ്ട് ഇനിയും വിശ്വാസി സമൂഹത്തിന് തങ്ങളുടെ സമ്പത്തിൽ നിന്ന് കൂടുതൽ ചാരിറ്റബിൾ പ്രവർത്തനങ്ങൾക്കുള്ള സംഭാവന നൽകാനുള്ള കഴിവില്ല. ഇത്തരമൊരു സാഹചര്യത്തിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ, ആതുര ശുശ്രൂഷാ സ്ഥാപനങ്ങൾ തന്നെ നിലനിർത്താൻ, ഒന്നുകിൽ നമ്മുടെ സ്ഥാപനത്തിൽ ജോലിചെയ്യുന്നവരുടെ വേതനം നിയന്ത്രിച്ചോ, അല്ലെങ്കിൽ ഫീസ് വർദ്ധിപ്പിച്ചോ മൂലധനം കണ്ടെത്തേണ്ടിവരും. മറ്റൊരു വിധത്തിൽ നമ്മുടെ ചാരിറ്റബിൾ സ്ഥാപനങ്ങൾ നടത്താനുള്ള പണം വിശ്വാസികളിൽ നിന്ന് സ്വരൂപിക്കാൻ കഴിയുന്നില്ലെങ്കിൽ സ്ഥാപനങ്ങൾ കച്ചവട സ്ഥാപനങ്ങളായി മാറാനെ സാധ്യതകളുള്ളൂ. ഇപ്പോൾ തന്നെ 2.5 ശതമാനം വരുന്ന ക്രൈസ്തവർ അവരുടെ സാമ്പത്തിക കഴിവിന്റെ അനേകം മടങ്ങാണ് ചാരിറ്റബിൾ സ്ഥാപനങ്ങൾ നടത്തുന്നത്. മാത്രമല്ല ഒരു കാലത്ത് സർക്കാർ ഇത്തരം സ്ഥാപനങ്ങൾ നടത്തിയിരുന്നില്ല. അക്കാലത്ത് നമ്മുടെ സ്ഥാപനങ്ങൾക്ക് വലിയ പ്രസക്തി ഉണ്ടായിരുന്നു. സർക്കാർ ഇത്തരം മേഖലയിൽ പ്രവേശിക്കും തോറും സർക്കാരിന്റെ മൂലധന സ്വരൂപണ കഴിവിന്റെ ഒരംശംപോലും ഇല്ലാത്ത ക്രൈസ്തവർക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ചാരിറ്റബിൾ മുഖം കൊടുക്കുക സാധ്യമാണോ. ഇക്കാര്യത്തിൽ വി.ജോൺപോൾ രണ്ടാമനെ ശ്രവിക്കുന്നത് നന്നായിരിക്കും.

In the Encyclical *Sollicitudo Rei Socialis*, I stated that, the Church does not have technical solutions to offer for the problem of underdevelopment as such,'' but "offers her first contribution to

www.malankaralibrary.com

the solution of the urgent problem of development when she proclaims the truth about Christ, about herself and about man, applying this truth to a concrete situation. The Conference of Latin American Bishops at Puebla stated that ,the best service we can offer to our brother is evangelization, which helps him to live and act as a son of God, sets him free from injustices and assists his overall development. It is not the Church's mission to work directly on the economic. technical or political levels, or to contribute materially to development. Rather, her mission consists essentially in offering people an opportunity not to "have more" but to "be more."( Pope John Paul II,R edemptoris Missio,58)

അതുകൊണ്ട് ഇനിയും ആതുരശുശ്രൂഷാ, വിദ്യാഭ്യാസ, മേഖലകളിൽ പ്രവർത്തനം വർദ്ധിപ്പിച്ച് സഭയുടെ സ്വത്വം നിലനിർത്താമെന്ന് കരുതുന്നത് ശരിയാണോ? ചാരിറ്റിയില്ലാതെ സഭയ്ക്ക് മറ്റൊരു മുഖമില്ല. അതുകൊണ്ട് ചാരിറ്റി എന്ന വാക്കിന്റെ നിർവ്വചനം മൂന്ന് മേഖലകളെ മാത്രമാക്കി നാം പരിമിതമാക്കിയിട്ടുണ്ടോ എന്ന് പുനർവിചിന്തനം നടത്തണം. അതിനായി ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും.

**ഇന്ത്യയിലെ ജനങ്ങളുടെ വേദനകൾ**

സ്നേഹിക്കുക എന്നാൽ പ്രാഥമികമായി കരയുന്നവനോടുകൂടി കരയുക ചിരിക്കുന്നവനോടു കൂടി ചിരിക്കുക എന്നതാണ്. അതുകൊണ്ട് സ്നേഹത്തെ പുനർനിർവ്വചിക്കണമെങ്കിൽ വേദനകളെയും സന്തോഷത്തേയും അതിന്റെ സമഗ്രതയിൽ മനസ്സിലാക്കണം. ഇന്ത്യ ഇന്ന് അനുഭവിക്കുന്ന മതദേശീയ വാദത്തിന്റെ ഭീകരതകൾ 20-ാം നൂറ്റാണ്ടിൽ ലോകത്തിന്റെ മുഴുവൻ പ്രശ്നമായിരുന്നു. ഇറ്റലിയിലും, ജർമ്മനിയിലും വളർന്നുവന്ന ദേശീയ സോഷ്യലിസമായിരുന്നു രണ്ടാം ലോക മഹായുദ്ധത്തിലേക്ക് നയിച്ചത്. സോഷ്യലിസത്തിന്റെ ഭരണകൂട വ്യാഖ്യാനത്തിന് വിരുദ്ധമായവരെല്ലാം രാജ്യദ്രോഹികൾ എന്നായിരുന്നു ദേശീയ സോഷ്യലിസത്തിന്റെ വർഗ്ഗീകരണം. ഇല്ലാത്ത ശത്രുവിനെ സൃഷ്ടിച്ചെടുത്ത് സ്വന്തം അധികാരം സൃഷ്ടിക്കാൻ ഇറ്റലിയിൽ മുസ്സോളിനിയും, ജർമ്മനിയിൽ ഹിറ്റ്ലറും കോടിക്കണെക്കിനാളുകളെ വധിച്ചത് ദേശീയതയുടെ പേരിലായിരുന്നു. ഈ യുദ്ധങ്ങൾക്കിടയിലും ശാസ്ത്രം അത്ഭുതകരമായി വളർന്നു. പല ദേശങ്ങളുടേയും ആളോഹരി വരുമാനം വർദ്ധിച്ചു. പട്ടിണിമരണങ്ങളും, പകർച്ചവ്യാധികളെയും മനുഷ്യൻ കീഴടക്കി. എന്നാൽ മനുഷ്യന്റെ രക്ഷകനായി വളർന്ന ശാസ്ത്രം തന്നെ പുതിയതരം അടിമത്തങ്ങൾ സൃഷ്ടിച്ചു.

21-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ നമുക്ക് സമ്മാനിച്ചത് മദ്ധ്യപൂർവ്വദേശങ്ങളിലെ മതദേശീയവാദമാണ്. ഇസ്ലാമിക് സ്റ്റേറ്റ്, 1979ൽ ആയത്തൊള്ള ഖൊമിനി ഇറാനിൽ അതിന് അടിത്തറയിട്ടു. ഇത് ലോകം മുഴുവൻ വ്യാപിപ്പിക്കാൻ ഐഎസ് ഭീകരവാദികൾ ശ്രമിക്കുന്നു. ഇസ്ലാമിക് ദേശീയവാദികളുടെ, ഖുറാൻ വ്യാഖ്യാനത്തെ എതിർക്കുന്ന മുസ്ലീമുകളെയും, ക്രിസ്ത്യാനികളെയും, യെമനിലും, സിറിയയാലും കൂട്ടക്കൊല നടത്തുന്നു. ബർമ്മയിലെ ദേശീയവാദികൾ തോഹിൻഗ്യകളെ കൂട്ടക്കൊല നടത്തുന്നു. ശത്രുക്കളെ സൃഷ്ടിച്ച് അധികാരം കയ്യടക്കുന്ന ദേശീയതാവാദത്തിന്റെ ആധുനിക മുഖംമൂടിയാണ് മതദേശീയതാവാദം.

അധികാരം നിലനിർത്താനും ശത്രുക്കളെ സൃഷ്ടിച്ച് ഉന്മൂലനം ചെയ്യാനും മതദേശീയതാവാദികൾ പരിശ്രമിക്കുമ്പോൾ മനുഷ്യരക്ഷകനായി 20-ാം നൂറ്റാണ്ട് കണ്ടെത്തിയ ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ഇന്ത്യയിലെ അനേകകോടി ജനങ്ങളുടെ അടിസ്ഥാന

www.malankaralibrary.com


ഉപജീവന ഉപാധികളെ തകർത്തെറിയുന്നു. ആധുനിക സാങ്കേതിക വിദ്യയും പരമ്പരാഗത സാങ്കേതിക വിദ്യയും തമ്മിലുള്ള സംഘർഷത്തിൽ പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന കർഷകർ, മത്സ്യതൊഴിലാളികൾ, ദളിതർ, ആദിവാസികൾ എന്നിവർ ആത്മഹത്യാമുനമ്പിലൂടെയാണ് സഞ്ചരിക്കുന്നത്. ഇത്തരത്തിൽ മതപരമായും, സാമൂഹികമായും, സാമ്പത്തികമായും, രാഷ്ട്രീയമായും പാർശ്വൽക്കരിക്കപ്പെട്ടവരെ മുഴുവനായും ഉൾക്കൊള്ളുന്ന സ്നേഹനിർവ്വചനമാണ്. ക്രിസ്തുമതത്തെ സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ് വാർത്തയാക്കുന്നത്.

**<u>സ്നേഹം പുനർനിർവ്വചിക്കപ്പെടുന്നു</u>**

ക്രിസ്തീയ പരസ്നേഹ പ്രവർത്തനങ്ങളെ വിമർശനവിധേയമാക്കുന്ന കൃതിയാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, ഓരോ സമൂഹത്തിനും, ആന്തരിക ഘടനയുണ്ട്. സമൂഹത്തിന്റെ ആന്തരികഘടനയ്ക്കകത്ത് ജീവിതം കണ്ടെത്താൻ കഴിയാത്തവരാണ് പാർശ്വൽക്കരിക്കപ്പെട്ടവർ. ഇത് ആന്തരിക ഘടനയുടെ പ്രശ്നമായതിനാൽ പാർശ്വൽക്കരിക്കപ്പെട്ടവരെ സൃഷ്ടിക്കുന്ന ആന്തരിക ഘടനയെ തിരുത്താതെ പാർശ്വൽക്കരിക്കപ്പെട്ടവർക്ക് ദൈനംദിന ആഹാരം നൽകുക എന്ന ഏകലക്ഷ്യത്തിൽ ഒതുങ്ങി, സാമൂഹിക ഘടനയെ പരിഷ്ക്കരിക്കുക എന്ന ലക്ഷ്യം നിർവ്വഹിക്കാൻ വിസമ്മതിക്കുന്ന ഒരു നിഷ്ക്രിയ സമൂഹമായി ക്രൈസ്തവർ മാറിയെന്ന് മാനിഫെസ്റ്റോ ആരോപിക്കുന്നു. ഈ ആരോപണത്തിൽ ഭാഗികമായി ചില ശരികളുണ്ടെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിരീക്ഷിക്കുന്നു.

Since the nineteenth century, an objection has been raised to the Church's charitable activity, subsequently developed with particular insistence by Marxism: the poor, it is claimed, do not need charity but justice. Works of charity—almsgiving—are in effect a way for the rich to shirk their obligation to work for justice and a means of soothing their consciences, while preserving their own status and robbing the poor of their rights. Instead of contributing through individual works of charity to maintaining the *status quo*, we need to build a just social order in which all receive their share of the world's goods and no longer have to depend on charity. There is admittedly some truth to this argument, but also much that is mistaken. (Pope Benedict XVI, Deus Caritas est,26)

അതുകൊണ്ട് ചാരിറ്റിയെന്നാൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കാൻ മാത്രമല്ല, ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന ആന്തരികഘടനയിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ സൃഷ്ടിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ഘടനകളെ പുനർക്രമീകരിക്കുന്ന പ്രക്രിയയിലെ പങ്കാളിത്വവും കൂടിയാണ്. ഇത് രാഷ്ട്രത്തിന്റെ നിർമ്മിതിയാണ്. രാഷ്ട്രീയ പ്രവർത്തനമാണ്. മാർപാപ്പയുടെ വാക്കുകളിൽ"

Another important consideration is the common good. To love someone is to desire that person's good and to take effective steps to secure it. Besides the good of the individual, there is a good that is linked to living in society: the common good. It is the good of "all of us", made up of individuals, families and intermediate groups who together constitute society[4]. It is a good that is sought not for its own sake, but for the people who belong to the social community and who can only really and effectively pursue their good within it. To desire the *common good* and strive towards it *is a requirement of justice and charity*. To take a stand for the common good is on the one hand to be solicitous for, and on the other hand to avail oneself of, that complex of institutions that give structure to the life of society, juridically, civilly, politically and culturally, making it the *pólis*, or "city". The more we strive to secure a common good corresponding to the real needs of our neighbours,

www.malankaralibrary.com



the more effectively we love them. Every Christian is called to practise this charity, in a manner corresponding to his vocation and according to the degree of influence he wields in the *pólis*. This is the institutional path — we might also call it the political path — of charity, no less excellent and effective than the kind of charity which encounters the neighbour directly, outside the institutional mediation of the *pólis*. When animated by charity, commitment to the common good has greater worth than a merely secular and political stand would have. Like all commitment to justice, it has a place within the testimony of divine charity that paves the way for eternity through temporal action. Man's earthly activity, when inspired and sustained by charity, contributes to the building of the universal *city of God*, which is the goal of the history of the human family. In an increasingly globalized society, the common good and the effort to obtain it cannot fail to assume the dimensions of the whole human family, that is to say, the community of peoples and nations[5], in such a way as to shape the *earthly city* in unity and peace, rendering it to some degree an anticipation and a prefiguration of the undivided *city of God*.(Pope Benedict XVI, Caritas in Veritate,7.)

ഇത്തരമൊരു ലക്ഷ്യം ഓരോ മനുഷ്യന്റെയും ആത്മസാക്ഷാത്ക്കാരത്തെ ഭാഗമാണെന്നും പ്രത്യേകിച്ച് ക്രിസ്ത്യാനിയുടെ കടമയാണെന്നും ചൂണ്ടിക്കാണിക്കാൻ ഭാരതസഭയ്ക്കു കഴിയുമോ?

രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാകുന്നത് ക്രിസ്തീയ പരസ്നേഹത്തിന്റെ ഉന്നത രൂപമാണെന്ന ബെനഡിക്റ്റ് പതിനാറാമന്റെ പ്രബോധനം അംഗീകരിക്കാൻ കഴിയുമോ? കഴിയാതിരിക്കുന്നതിന് ദൈവശാസ്ത്രപരവും, ചരിത്രപരവുമായ കാരണങ്ങളുണ്ട്. ചരിത്രപരമായി ക്രൈസ്തവന് അത്തരം കടമയുണ്ടെന്ന് 1891 വരെ ദൈവജനത്തിന് തോന്നിയിട്ടില്ല.

In this way, Pope Leo XIII, in the footsteps of his Predecessors, created a lasting paradigm for the Church. The Church, in fact, has something to say about specific human situations, both individual and communal, national and international. She formulates a genuine doctrine for these situations, a *corpus* which enables her to analyze social realities, to make judgments about them and to indicate directions to be taken for the just resolution of the problems involved.

In Pope Leo XIII's time such a concept of the Church's right and duty was far from being commonly admitted. Indeed, a two-fold approach prevailed: one directed to this world and this life, to which faith ought to remain extraneous; the other directed towards a purely other-worldly salvation, which neither enlightens nor directs existence on earth. The Pope's approach in publishing *Rerum novarum* gave the Church "citizenship status" as it were, amid the changing realities of public life, and this standing would be more fully confirmed later on. In effect, to teach and to spread her social doctrine pertains to the Church's evangelizing mission and is an essential part of the Christian message, since this doctrine points out the direct consequences of that message in the life of society and situates daily work and struggles for justice in the context of bearing witness to Christ the Saviour. This doctrine is likewise a source of unity and peace in dealing with the conflicts which inevitably arise in social and economic life. Thus it is possible to meet these new situations without degrading the human person's transcendent dignity, either in oneself or in one's adversaries, and to direct those situations towards just solutions.(Pope John paul II,Centesimus Anus,5)

അതിന്റെ കാരണം രക്ഷ, ആത്മസാക്ഷാത്ക്കാരം എന്നീ രണ്ടു ഘടകങ്ങളെ ഒന്നായി കാണുന്നതിനുപകരം രണ്ടായി കാണുന്നതാണ്. സാമൂഹിക ജീവിതം ആത്മസാക്ഷാത്കാരത്തിന്റെ മാർഗ്ഗമാണ്, അതിന് തടസ്സമായവയെ മനുഷ്യാസ്ഥിത്വത്തിൽ നിന്ന് നീക്കിക്കളഞ്ഞ്

www.malankaralibrary.com


മനുഷ്യനെ പൂർണ്ണമനുഷ്യനാക്കുക എന്നതാണ് രക്ഷ. സഭ മാർഗ്ഗമാണ്. ലക്ഷ്യമല്ല. ലാറ്റിൻ ലിറ്റർജി അവസാനിക്കുന്നത് തന്നെ വി.കുർബ്ബാന അവസാനിക്കുന്നിടത്ത് ഈ ലോക ജീവിതം ആരംഭിക്കുന്നുവെന്നാണ്. എന്നാൽ സുവിശേഷമനുസരിച്ചുള്ള ജീവിതത്തിന്റെ അവിഭാജ്യഭാഗമാണ് രാഷ്ട്രീയ, സാമൂഹിക ജീവിതം എന്ന് സ്ഥാപിക്കാൻ ദൈവശാസ്ത്ര ത്തിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയ്ക്ക് രണ്ട് ഭരണഘടന നിർമ്മിച്ചത്. സഭ എന്നാൽ എന്ത് എന്ന് നിർവ്വചിക്കാൻ Dog matic Constitution Pastral Constitution എന്നീ രണ്ട് രേഖകൾ നിലനിൽക്കുന്നു. രണ്ടാമത്തെ രേഖ രക്ഷ സാമൂഹിക ജീവിതം എന്നിവയെ വിശദമായി വിവരിക്കുന്നുണ്ടെങ്കിലും, സാമൂഹിക ജീവിതത്തെ ഭാഗമായി രക്ഷയെ അവതരിപ്പിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കുന്നു. സഭയുടെ ആന്ത രിക ഘടന വിശദീകരിക്കുന്ന 'ജനതകളുടെ പ്രകാശം' എന്ന രേഖയിൽ, സഭയുടെ ഈ ലോകത്തിലെ ദൗത്യത്തെ വിശദീകരിക്കുന്ന 'സഭ ആധുനിക ലോകത്തിൽ' എന്ന രേഖ കൂട്ടിചേർക്കാനുള്ള ഇടമില്ല. എന്നാൽ സഭ ആധുനികലോകത്തിൽ എന്ന രേഖയിൽ സഭ ലോകത്തിന്റെ പ്രകാശം എന്ന രേഖ ഉൾച്ചേർക്കാനുള്ള ഇടമുണ്ട്. മനുഷ്യജീവിതത്തിന്റെ സ്വാഭാവിക വളർച്ചയിൽ രക്ഷയുടെ ഇടം കാണാതെ, രക്ഷയുടെ സംവിധാനത്തിൽ മനു ഷ്യജീവിതത്തിന്റെ ഇടമന്വേഷിക്കുന്ന ദൈവശാസ്ത്ര സമീപനം തെറ്റാണ്. കാരണം രക്ഷ സ്വാഭാവികതയ്ക്ക് പകരം നിൽക്കുകയല്ല, രക്ഷ സ്വാഭാവികതയെ പൂർണ്ണമാക്കുകയാണ്.

ഇക്കാരണത്താൽ പൊതു സമൂഹത്തിന്റെ ഇടങ്ങളിൽ പ്രവർത്തിക്കാനുള്ള പ്രചോ ദനമാകാൻ സുവിശേഷപ്രഘോഷണത്തിന് കഴിയുന്നില്ല. ഒരുവൻ കൂടുതൽ ആത്മീയനാകും തോറും സാമൂഹിക ജീവിതത്തിൽ നിന്ന് ഒഴിഞ്ഞുമാറി വീടിനെ അഭയകേന്ദ്രമായി മാറ്റു ന്നു. അതിർത്തികളില്ലാത്ത ലോകത്തെ കുറിച്ച് ചിന്തിയ്ക്കുന്ന ഒരു വിശ്വാസിയ്ക്ക് വീടിന്റെ അതിർത്തിയ്ക്കപ്പുറത്ത് ഒരു ലോകമില്ലാതാകുന്നു. ഈ വിശ്വാസികളെ നയിക്കുന്ന ഇടവ കവികാരിയ്ക്ക് ഇടവകയുടെ അതിർത്തിക്കപ്പുറം മറ്റൊരു ലോകമില്ലാത്തതുപോല പ്രവർത്തി യ്ക്കുന്നു. അതുകൊണ്ട് സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിലെ ഘടനാപരമായ പ്രശ്ന ങ്ങളെ അപഗ്രഥിക്കാനും, വിലയിരുത്താനും, മാറ്റത്തിലേയ്ക്ക് നയിക്കാനുമുള്ള കഴിവ് ഇപ്പോൾ ഇന്ത്യയിലെ ദൈവജനത്തിനില്ല. ഇക്കാരത്താൽ സഭയുടെ സാമൂഹിക പ്രബോധ നങ്ങളെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമാക്കുന്നതിനെ ഉൾക്കൊള്ളാൻ ദൈവജന ത്തിന് കഴിയുന്നില്ല.

അതുകൊണ്ട് ആഗോളസഭ നിർദ്ദേശിക്കുന്ന പരസ്നേഹ പ്രവർത്തനത്തിന്റെ മാന ങ്ങളെ പുനർനിർവ്വചിക്കാനുള്ള ശ്രമങ്ങളെ ശക്തിപ്പെടുത്താനുള്ള സൈദ്ധാന്തികമാതൃക കൾ വികസിപ്പിക്കാൻ ഇന്ത്യയിലെ ദൈവശാസ്ത്രജ്ഞന്മാർക്ക് കഴിയണം.

**ഭരണഘടന എന്ന രക്ഷകൻ**

സ്നേഹത്തെ പുനർനിർവ്വഹിച്ചുകൊണ്ട് സഭയുടെ പരസ്നേഹ പ്രവർത്തികളെ പുനർനിർവ്വചിച്ച് രാഷ്ട്രത്തിന്റെ സമൂഹിക ഘടനയെ പരിഷ്ക്കരിക്കുന്ന പ്രക്രിയയാണ് ദൈവജനത്തിന്റെ യഥാർത്ഥസുവിശേഷ പ്രഘോഷണം എന്നത് സ്വീകരിക്കുവാൻ ബുദ്ധി മുട്ടുണ്ട്. അതിനുപകരം ഭരണഘടന നൽകുന്ന ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കാ നുള്ള കുറുക്കുവഴികളാണ് പലരും തേടുന്നത്.

ഒരു സമൂഹത്തിലെ ഏതെങ്കിലും അവകാശങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ പ്രസ്തുത അവകാശങ്ങൾ, അവകാശങ്ങളാണെന്ന് സമൂഹം അംഗീകരിക്കണം. (Hegel) യാഥാർത്ഥ്യവൽക്കരിക്കപ്പെട്ട അവകാശമാണ് സ്വാതന്ത്ര്യം. അതുകൊണ്ട് ഇന്ത്യയിലെ ഒരു പൗരന് അവന് ഇഷ്ടമുള്ള മതം സ്വീകരിക്കാനും, വിശ്വസിക്കാനും, ജീവിക്കാനും, പ്രഘോ

www.malankaralibrary.com

ഷിക്കാനുമുള്ള അവകാശം ഉണ്ടെന്ന് ഭരണഘടനയിൽ എഴുതിവെച്ചാൽ മാത്രം പോര, അത് ഓരോ പൗരന്റേയും അവകാശമാണെന്ന് ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾ അംഗീകരിക്കുകയും വേണം. ജനങ്ങളുടെ ഭൂരിപക്ഷത്തിന്റെ അംഗീകരമല്ലാത്ത ഭരണഘടനയിലെ അവകാശങ്ങൾ യാഥാർത്ഥ്യവൽക്കരിക്കപ്പെടുകയില്ല. അതുകൊണ്ട് ഭരണഘടനയെ അംഗീകരിക്കുന്ന ജനസമൂഹത്തെ വാർത്തെടുക്കുക എന്നതാണ് സഭയുടെ മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. ഈ വെല്ലുവിളി ചരിത്രപരമായി ഏറ്റെടുത്ത സംവിധാനമായിരുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ലോകത്തിലെ വ്യത്യസ്ഥ സമൂഹങ്ങളിൽ മൗലീകവകാശങ്ങൾ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ, തത്വശാസ്ത്രമെന്ന ആയുധമുപയോഗിച്ച്, ജനസമൂഹങ്ങളുടെ പിന്തുണ നേടിക്കൊണ്ടാണ്. തത്വശാസ്ത്രമെന്ന ആയുധം, വിദ്യഭ്യാസ സ്ഥാപനങ്ങളിലൂടെ ഉപയോഗിച്ച്, മൗലികാവകാശങ്ങളെ പിന്തുണയ്ക്കുന്ന ഭൂരിപക്ഷത്തെ സൃഷ്ടിച്ചുകൊണ്ടാണ്, ലോകത്തിലെ വിവിധ രാജ്യങ്ങൾ സ്വാതന്ത്ര്യത്തിലേയ്ക്ക് വളരുന്നത്. മതദേശീയവാദികൾ ഉന്നയിക്കുന്ന പ്രമേയങ്ങളെ ഖണ്ഡിയ്ക്കുന്ന വാദമുഖങ്ങൾ പൊതുസമൂഹത്തിൽ ഉന്നയിക്കാൻ സഭയ്ക്കാകുമോ? നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാഷ്ട്രീയം, നിയമം, സാമ്പത്തികശാസ്ത്രം, ചരിത്രം, തത്വശാസ്ത്രം, ബോധനവിദ്യാശാസ്ത്രം, സാഹിത്യം മുതലായ മാനവികതയുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിന് പ്രാധാന്യം നൽകുന്നുണ്ടോ? ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാതെ എങ്ങിനെ ഒരു ജനസമൂഹത്തെ രാഷ്ട്രീയമായി പ്രബുദ്ധാരാക്കാൻ കഴിയും? ഭരണഘടനയിലെ "Secular' , എന്ന പദത്തെപ്പോലും എങ്ങിനെ ഉൾക്കൊള്ളണമെന്നറിയാത്ത സഭയ്ക്ക് എങ്ങിനെ ജനസമൂഹത്തിന് പ്രകാശമാകാൻ കഴിയുക? വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധരാക്കാനുള്ള യഥാർത്ഥ ഉപകരണമാണെന്ന് തിരിച്ചറിഞ്ഞ്, ഭരണഘടനയെ അംഗീകരിക്കുന്നവരുടെ ഭൂരിപക്ഷത്തെ സൃഷ്ടിക്കുക എന്നതാണ്, മതദേശീയ വാദത്തിനുള്ള യഥാർത്ഥ മറുപടി.

**അധികാരം, ഭയം, അക്രമം**

അധികാരം നഷ്ടപ്പെടുമെന്ന ചിന്തയാണ് ഭയത്തെ സൃഷ്ടിക്കുന്നത്. ഭയത്തിൽ നിന്നാണ് അക്രമം രൂപം കൊള്ളുന്നത്. അതുകൊണ്ട് മതദേശീയ വാദികളിലുള്ള അധികാരനഷ്ടഭയമാണ് അവരെ അക്രമത്തിന് പ്രേരിപ്പിക്കുന്നതെന്ന് നാം ആദ്യം തിരിച്ചറിയണം. മതദേശീയ വാദികളുടെ അക്രമങ്ങളിൽ നാം ഭയന്നാൽ, നാം അവരെപ്പോലെ അക്രമികളാകാൻ ശ്രമിയ്ക്കും. സ്വയം ശൂന്യരായവർക്ക്, നഷ്ടപ്പെടാൻ ഒന്നുമില്ല. നഷ്ടപ്പെടാൻ ഒന്നുമില്ലാത്തവന് ഭയമില്ല. അവൻ ദ്രോഹിക്കുന്നവന്റെ ആന്തരികയിൽ സ്നേഹത്തിന്റെ അംശം കണ്ടെത്തും. അവന് എന്നോട് നീരസമുണ്ടെന്ന് എനിയ്ക്ക് തോന്നിയാൽ, ഞാൻ അവനോട് കൂടുതൽ അനുരഞ്ജിതനാകും. ക്രിസ്തുവിന്റെ ഈ ദർശനമാണ്. ഗാന്ധിജി സ്വതന്ത്ര്യസമരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ഉപയോഗിച്ച അടിസ്ഥാന ആയുധം. അതുകൊണ്ട് മതദ്ദേശീയവാദികളിൽ നിന്ന് ശത്രുവിനെപ്പോലെ അകന്ന് നിൽക്കാതെ അവനുമായി നിരന്തരം സ്നേഹത്തിൽ പ്രവർത്തിക്കുന്ന ഹ്രസ്വകാല പദ്ധതികളും, തത്വശാസ്ത്രമെന്ന ആയുധമുപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന ഉപകരണത്തിലൂടെ ഭരണഘടനയിൽ എഴുതിവെച്ച മൗലീകാവകാശങ്ങളെ സ്വീകരിക്കുന്ന ഒരു ജനസമൂഹത്തെ സൃഷ്ടിച്ച് സ്വാതന്ത്ര്യം യാഥാർത്ഥ്യവൽക്കരിക്കാനുള്ള ദീർഘകാല പദ്ധതികളും രൂപം കൊടുക്കാൻ സഭയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

www.malankaralibrary.com